## അദ്ധ്യായം V
## കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം

തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ ചട്ടങ്ങൾ അനുസരിച്ച് പിഴ ചുമത്തുന്നതിനോ ജില്ലാ ലേബർ ഓഫീസുകൾക്ക് ഒരു സംവിധാനം ഇല്ലായിരുന്നു. ബോർഡിന്റെ ക്യാഷ് ബാലൻസ് 2019 മാർച്ചിൽ ₹910.06 കോടിയിൽ നിന്ന് 2023 മാർച്ചിൽ ₹135.16 കോടിയായി കുറഞ്ഞു. ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണവും 2020-21 മുതൽ കുറയുന്ന പ്രവണത കാണിച്ചു. അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ ക്യാഷ് റിസർവിലെ സ്ഥിരമായുണ്ടായിരുന്ന കുറവ്, ബോർഡിന്റെ വാർഷിക ചെലവുകൾ ക്യാഷ് റിസർവുകളിൽ നിന്ന് ഫണ്ട് ചെയ്യപ്പെട്ടതായി സൂചിപ്പിക്കുന്നു. ഇതിനാൽ റിസർവ് തുക ഗണ്യമായി ശോഷിക്കുകയും അധിക വായ്പകൾ ആവശ്യമായി വരുകയും ചെയ്തു.

ബോർഡിന്റെ കണക്കുകൾ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിൽ 11 മുതൽ 24 മാസം വരെ കാലതാമസമുണ്ടായി. അതിഥി തൊഴിലാളികളുടെ ക്ഷേമനിധിക്കായി അനുവദിച്ച ₹10 കോടി കോർപ്പസ് ഫണ്ടിൽ നിന്നും 2018-19-നും 2022-23-നും ഇടയിൽ ₹1.69 കോടി മാത്രമാണ് തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചത്. പരിശോധന നടത്തിയ ജില്ലകളിൽ, ലേബർ കമ്മീഷണർ നിർദ്ദേശിച്ച പ്രകാരം ലേബർ ഓഫീസർമാർ പ്രതിമാസ പരിശോധനകൾ നടത്തിയില്ല. പരിശോധന നടത്തിയ നിർമ്മാണ സൈറ്റുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചതായി കണ്ടില്ല. പരാതി പരിഹാര സംവിധാനം വിഭാവനം ചെയ്തതുപോലെ ഫലപ്രദമായി പ്രവർത്തിച്ചില്ല.

കേരളത്തിലെ നിർമ്മാണ തൊഴിലാളികൾക്ക് സഹായം നൽകുന്നതിനായി 1990-ൽ കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് രൂപീകരിക്കുകയുണ്ടായി. സെസ്സ് ചട്ടങ്ങൾ നിലവിൽ വന്നതോടെ ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 18-ാം വകുപ്പ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് (ബോർഡ്) രൂപീകരിക്കപ്പെട്ടു. ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 24 (1) ഉം കേരള ചട്ടങ്ങളിലെ ചട്ടം 281 ഉം ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് രൂപീകരിക്കുവാൻ നിഷ്കർഷിക്കുന്നു. സർക്കാർ നൽകുന്ന എല്ലാ ഗ്രാന്റുകളും ലോണുകളും അഡ്വാൻസുകളും ഗുണഭോക്താക്കൾ അടയ്ക്കുന്ന വിഹിതങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്ന് ബോർഡിന് ലഭിക്കുന്ന എല്ലാ തുകയും ഈ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. കൂടാതെ, സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രാദേശിക അധികാരികൾ അല്ലെങ്കിൽ സെസ്സ് കളക്ടർമാർ എന്നിവരിൽ നിന്ന് ശേഖരിക്കുന്ന സെസ്സിന്റെ വരുമാനം ബോർഡിലേക്ക് കൈമാറ്റം ചെയ്യണമെന്ന് സെസ്സ് ചട്ടങ്ങളിലെ, ചട്ടം 5 പ്രസ്താവിക്കുന്നു. അതനുസരിച്ച്, ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഓഗസ്റ്റ് 1998) രൂപീകരിച്ചു. ദേശസാൽകൃത ബാങ്കുകൾ, ട്രഷറികൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിലെ സേവിംഗ്സ് ബാങ്ക്/സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലാണ് ഈ ഫണ്ട് നിക്ഷേപിച്ചിരുന്നത്.

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ വകുപ്പ് 24(2) പ്രകാരം, (എ) ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകൽ, സ്ത്രീ ഗുണഭോക്താക്കൾക്ക് പ്രസവാനുകൂല്യം, ഗുണഭോക്താക്കൾക്ക് വായ്പകളും അഡ്വാൻസുകളും അനുവദിക്കൽ, മുതലായവയുടെ ചെലവുകൾ വഹിക്കുന്നതിനും (ബി) ബോർഡിലെ അംഗങ്ങളുടെയും ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, മറ്റ് പ്രതിഫലങ്ങൾ നൽകുന്നതിനും (സി) ഈ നിയമം അധികാരപ്പെടുത്തിയ ആവശ്യങ്ങൾക്കും ചെലവുകൾ വഹിക്കുന്നതിനുമായി ഫണ്ട് വിനിയോഗിക്കേണ്ടതാണ്. ബോർഡ് അനുവദിക്കുന്ന പെൻഷനും മറ്റ്

ക്ഷേമാനുകൂല്യങ്ങളും ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഗുണഭോക്താക്കളുടെ അതാത് ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുന്നു.

## 5.1. ബോർഡിന്റെ വരവും ചെലവും

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ബോർഡ് കൈകാര്യം ചെയ്യുന്ന ഫണ്ടുമായി ബന്ധപ്പെട്ട വരുമാനവും ചെലവുകളും **പട്ടിക 5.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1 : 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബോർഡിന്റെ വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | വരവ് | | | | ചെലവ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പ്രാരംഭ ബാക്കി | സെസ്സ് പിരിച്ചെടുത്തത് | പലിശ | ആകെ വരവ് * | മൂലധന ചെലവ് | ക്ഷേമ പ്രവൃത്തികൾ | ഭരണ ചെലവ് | മറ്റുള്ളവ | ആകെ ചെലവ് ** | നീക്കിയിരുപ്പ് |
| 2018-19 | 1069.62 | 242.23 | 77.83 | **1473.34** | 0.19 | 435.24 | 14.55 | 112.85 | **563.29** | 910.05 |
| 2019-20 | 910.05 | 232.82 | 67.58 | **1263.25** | 0.13 | 511.6 | 15.19 | 5.72 | **533.35** | 729.90 |
| 2020-21 | 729.90 | 247.97 | 57.59 | **1087.85** | 0.12 | 724.21 | 13.59 | 15.22 | **753.33** | 334.52 |
| 2021-22 | 334.52 | 285.11 | 8.34 | **837.52** | 0.39 | 594.19 | 18.54 | 28.80 | **643.52** | 194.00 |
| 2022-23 | 194.00 | 378.18 | 6.00 | **639.64** | 0.29 | 460.99 | 15.65 | 27.55 | **504.48** | 135.16 |

*(ഉറവിടം: ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ)*

** തൊഴിലാളികളുടെ വിഹിതവും മറ്റ് വരവുകളും ഉൾപ്പെടുന്നു.*

*** തൊഴിലാളികളുടെ വിഹിതത്തിന്റെ തിരിച്ചുനൽകൽ ഉൾപ്പെടുന്നു.*

ബോർഡിന്റെ വരുമാനം ഏറെക്കുറെ സ്ഥിരമായി നിലനിന്നിരുന്നെങ്കിലും, ചെലവ് 2020-21 വരെ വർദ്ധിച്ചുവരുന്ന പ്രവണത കാണിച്ചു. പ്രതിമാസ പെൻഷൻ നിരക്ക്[27] 2018 ഏപ്രിലിൽ ₹1,100 ആയിരുന്നത് 2021 ഏപ്രിലിൽ ₹1,600 ആയി ഉയർന്നതാണ് ചെലവ് ഉയരാൻ കാരണം. അതോടൊപ്പം തന്നെ പെൻഷൻകാരുടെ എണ്ണം 2018-19-ൽ 2.62 ലക്ഷത്തിൽ നിന്ന് 2022-23-ൽ 3.24 ലക്ഷമായി ഉയരുകയും ചെയ്തു. 2020-21-ലെ പെൻഷൻ ചെലവ് വർദ്ധിച്ചത് 2019-20-ലെഅവസാന ത്രൈമാസത്തിലെ[28] പെൻഷൻ 2020 ഏപ്രിലിൽ നൽകിയതിനാലാണ് എന്ന് നിരീക്ഷിക്കപ്പെട്ടു. 2021-22 കാലയളവിലെ നാല് മാസത്തെ പെൻഷൻ പേയ്മെന്റുകൾ ഫണ്ടിന്റെ കുറവ് കാരണം 2022-23-ൽ മാത്രമാണ് നൽകിയതെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2022-23 വർഷത്തിൽ നാല് മാസത്തേക്ക് മാത്രമാണ് പെൻഷൻ പേയ്മെന്റുകൾ നടത്തിയത്. അതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ കാലയളവിൽ ആകെ ചെലവിൽ കുറവുണ്ടായി.

2018 മുതൽ 2023 വരെയുള്ള അഞ്ച് വർഷ കാലയളവിൽ പിരിച്ചെടുത്ത സെസ്സിൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, ബോർഡിന് ലഭിച്ച പലിശ 2018-19-ലെ ₹77.83 കോടിയിൽ നിന്ന് 2022-23-ൽ ₹ആറ് കോടിയായി കുത്തനെ കുറഞ്ഞതിന് സമാനമായി ബോർഡിന്റെ ക്യാഷ് ബാലൻസ് കുറഞ്ഞതായി കാണുന്നു. ചെലവുകൾ വർദ്ധിച്ച് വരുന്ന പ്രവണത, സെസ്സ് പിരിവിലെ ആനുപാതികമായ വർദ്ധനയുടെ അഭാവത്തിൽ 2021-22-ൽ കേരള മോട്ടോർ ട്രാൻസ്പോർട്ട് ക്ഷേമനിധി ഫണ്ട് ബോർഡിൽ നിന്നും ₹150 കോടി കടമെടുക്കാൻ ബോർഡ് നിർബന്ധിതമായി. ജീവനക്കാരുടെ ശമ്പളത്തിലും പോസ്റ്റേജ് ഇനത്തിലും

---

[27] 2017 ഏപ്രിൽ മുതൽ:. ₹1,100, 2019 ഏപ്രിൽ മുതൽ: ₹1,200, 2020 ഏപ്രിൽ മുതൽ: ₹1,300, 2020 സെപ്റ്റംബർ മുതൽ: ₹1,400, 2021 ജനുവരി മുതൽ: ₹1,500, 2021 ഏപ്രിൽ മുതൽ: ₹1,600

[28] മൂന്ന് മാസത്തെ പെൻഷൻ അതായത് 2020 ജനുവരി, 2020 ഫെബ്രുവരി, 2020 മാർച്ച് മാസങ്ങൾ

വന്ന ഭരണ ചെലവുകൾ ഒരു ശതമാനം പരിധി കവിഞ്ഞിരുന്നു (ഖണ്ഡിക 3.3–ൽ ചൂണ്ടിക്കാട്ടിയതുപോലെ). സെസ്സ് തുക ഉപയോഗപ്പെടുത്തി ബഹുനില ഓഫീസ് കെട്ടിടസമുച്ചയം നിർമ്മിച്ചത് (ഖണ്ഡിക 5.6–ൽ ചൂണ്ടികാണിക്കുന്നപോലെ) നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമാണ്. ഇവ, സെസ്സിന്റെ കുറഞ്ഞ നിർണ്ണയം, കുറഞ്ഞ പിരിവ്, പിരിക്കാതിരിക്കൽ എന്നിവയുമായി ചേർന്ന് വരുമാനത്തിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണമാവുകയും തന്മൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ പൂർണ്ണതോതിൽ ലഭിക്കാതിരിക്കുകയും ചെയ്തു.

കൂടാതെ, **പട്ടിക 5.1**–ൽ നിന്ന് വ്യക്തമാകുന്നതു പോലെ, 2022–23 അവസാനം സർക്കാരിന്റെ നീക്കിയിരുപ്പ് തുക ₹135.16 കോടി ആയിരുന്നു. 2023 മാർച്ച് അവസാനം പ്രധാനപ്പെട്ട ക്ഷേമപദ്ധതികളുടെ ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന, കൊടുക്കാൻ അവശേഷിക്കുന്ന തുക ₹180.42 കോടിയാണ്. (ഖണ്ഡിക 4.1–ലും, **പട്ടിക 4.1**–ലും നേരത്തേ വിശദീകരിച്ചതു പ്രകാരം) ബോർഡിന്റെ കൈവശം ചെലവഴിക്കാതെ കിടന്നിരുന്ന നീക്കിയിരിപ്പ് തുക കണക്കിലെടുക്കുമ്പോൾ കുടിശ്ശിക കൊടുക്കാൻ അവശേഷിക്കുന്ന തുക ഒരു വലിയ പരിധിവരെ കുറയ്ക്കാൻ പറ്റുമായിരുന്നു. കൂടാതെ, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ₹100 കോടി വരെ വീണ്ടും കടമെടുത്താണ് 2023 ഏപ്രിൽ വരെ കൊടുക്കാനുണ്ടായിരുന്ന പെൻഷൻ തുകകൾ 2024 ഏപ്രിലിൽ എങ്കിലും കൊടുക്കാൻ കഴിഞ്ഞത് എന്നും ഓഡിറ്റ് കണ്ടെത്തുകയുണ്ടായി. അങ്ങനെ നോക്കുമ്പോൾ തങ്ങളുടെ സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിൽ ബോർഡ് കടുത്ത ധന ദൗർലഭ്യത്തിന്റേതായ അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് സ്പഷ്ടമാണ്.

ക്ഷേമാനുകൂല്യങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിന് ലഭ്യമായ സാമ്പത്തിക സ്രോതസ്സുകളിലെ പരിമിതികൾ കണക്കിലെടുത്ത്, ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവ് നിരക്ക് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സെസ്സിന്റെ മൊത്തം പിരിവ് മെച്ചപ്പെടാത്തപക്ഷം, നിർമാണത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ സഹായ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് തുക കണ്ടെത്തുവാൻ സർക്കാരിന് സാധിക്കുകയില്ല. സർക്കാർ ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ യാതൊരു മറുപടിയും നൽകിയിട്ടില്ല.

***ശിപാർശ 9: ബോർഡിന്റെ വാർഷിക ചെലവുകൾക്കുള്ള ഫണ്ട് അതിന്റെ കരുതൽ ശേഖരത്തിൽ നിന്ന് കണ്ടെത്തുന്നതിനാൽ, കടമെടുക്കുന്നത് ഒഴിവാക്കാനായി ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.***

## 5.2. ബോർഡിന്റെ ബജറ്റ്

ബോർഡ് എല്ലാ വർഷവും ബജറ്റ് തയ്യാറാക്കുന്നു. ഓഡിറ്റ് കാലയളവിൽ, 'എംപ്ലോയേഴ്സ് ഷെയർ (സെസ്സ്)' എന്ന ശീർഷകത്തിൽ ബജറ്റ് കണക്കുകളുടെ പ്രതീക്ഷിത വരവിൽ 69.15 ശതമാനം (2018–19) മുതൽ 56.94 ശതമാനം (2022–23) വരെ കുറവ് കാണപ്പെട്ടു. ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ യഥാർത്ഥ വരുമാനം ഏറ്റവും വലിയ വരുമാന സ്രോതസ്സായ സെസ്സ് പിരിവിന്റെ കാര്യത്തിൽ, ബജറ്റ് കണക്കുകളുടെ 70 ശതമാനത്തിൽ താഴെയായിരുന്നു. 'വർക്കേഴ്സ് കോൺട്രിബ്യൂഷൻ ഓഫ് ദി ബോർഡ്' എന്ന ശീർഷകത്തിന് കീഴിലുള്ള യഥാർത്ഥ വരവുകൾ **പട്ടിക 5.2**–ൽ കാണിച്ചിരിക്കുന്നതുപോലെ ബജറ്റ് കണക്കുകളുടെ 76.77 ശതമാനം (2018–19) മുതൽ 46.15 ശതമാനം (2021–22) വരെ വ്യത്യാസപ്പെട്ടിരുന്നു.

**പട്ടിക 5.2 : റവന്യൂ വരവുകളുടെ ബജറ്റും യഥാർത്ഥ കണക്കും**

*(₹ കോടിയിൽ)*

| വർഷം | തൊഴിലുടമകളുടെ വിഹിതം (സെസ്സ്) | | | തൊഴിലാളികളുടെ വിഹിതം | | |
|---|---|---|---|---|---|---|
| | ബജറ്റ് | യഥാർത്ഥ കണക്കുകൾ | ശതമാനം | ബജറ്റ് | യഥാർത്ഥ കണക്കുകൾ | ശതമാനം |
| 2018-19 | 360 | 248.95 | 69.15 | 80 | 61.42 | 76.77 |
| 2019-20 | 410 | 235.26 | 57.38 | 90 | 55.50 | 61.67 |
| 2020-21 | 415 | 248.25 | 59.82 | 91 | 58.82 | 64.63 |
| 2021-22 | 415 | 285.60 | 68.82 | 90 | 41.53 | 46.15 |
| 2022-23 | 650 | 370.10 | 56.94 | 90 | 46.65 | 51.83 |

*(ഉറവിടം: ബോർഡിന്റെ ബജറ്റ് രേഖകൾ)*

തൊഴിലാളികളുടെ വിഹിതത്തിന്റെ കാര്യത്തിൽ, കഴിഞ്ഞ അഞ്ച് വർഷത്തിൽ ₹80 കോടി മുതൽ ₹91 കോടി വരെ സ്വേച്ഛയാ ബജറ്റ് എസ്റ്റിമേറ്റായി നിശ്ചയിച്ചിരുന്നതായി രേഖകളുടെ പരിശോധനയിൽ നിന്നും വ്യക്തമായി. ബോർഡ് നൽകിയ വിവരമനുസരിച്ച്, 18.11 ലക്ഷം മുതൽ 20.68 ലക്ഷം[29] വരെ തൊഴിലാളികൾ അഞ്ച് വർഷ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിമാസ അടവ് ₹50 (പ്രതിവർഷം ₹600) കണക്കിലെടുത്താൽ, ₹124.05 കോടിയായി ബജറ്റ് ചെയ്യേണ്ട തൊഴിലാളികളുടെ വിഹിതം, വെറും ₹90 കോടിയായാണ് വകയിരുത്തിയിരിക്കുന്നത്. ഇത് ബജറ്റ് വ്യവസ്ഥകൾ പ്രായോഗിക അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നു. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

## 5.3. നിയമാനുസൃത റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

കേരള ചട്ടങ്ങളിലെ ചട്ടം 277 (1) അനുസരിച്ച്, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ബോർഡിന്റെ അക്കൗണ്ടുകളുടെ വാർഷിക ഓഡിറ്റ് നടത്തുന്നതിനും ബോർഡിന് ഉത്തരവാദിത്തമുണ്ട്. എല്ലാ സാമ്പത്തിക വർഷത്തിലും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട് അടുത്ത വർഷം ജൂൺ 15-ന് മുമ്പ് ബോർഡ് അംഗീകരിക്കുകയും ആ വർഷം ജൂലൈ 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കുകയും ചെയ്യണമെന്ന് ചട്ടം 311 അനുശാസിക്കുന്നു.

എന്നിരുന്നാലും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2017-18-ലെ അന്തിമ വാർഷിക റിപ്പോർട്ട്, നാല് വർഷത്തിന് ശേഷം, 2022 മേയിൽ മാത്രമാണ് സമർപ്പിച്ചത്.

കൂടാതെ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനു പ്രതിവർഷം ഓഡിറ്റ് നടത്തുവാൻ വേണ്ടി കണക്കുകളും മറ്റു രേഖകളും ശരിയായ രീതിയിൽ ബോർഡ് പരിപാലിക്കണമെന്നും ഓഡിറ്ററുടെ റിപ്പോർട്ട് സഹിതം കണക്കുകളുടെ ഓഡിറ്റ് ചെയ്യപ്പെട്ട പകർപ്പ് സംസ്ഥാന സർക്കാരിന് ബോർഡ് നൽകുകയും വേണമെന്ന് ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 27 വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന സർക്കാർ വാർഷിക റിപ്പോർട്ടും ഓഡിറ്ററുടെ റിപ്പോർട്ടും സംസ്ഥാന നിയമസഭയുടെ മുമ്പാകെ സമർപ്പിക്കും.

**അനുബന്ധം 5.1**-ൽ കാണിച്ചിരിക്കുന്ന ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റിന്റെ വിശദാംശങ്ങൾ, ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് അക്കൗണ്ടുകൾ സമർപ്പിക്കുന്നതിന് 11 മുതൽ 24 മാസം വരെ കാലതാമസം വരുത്തിയതായി ചൂണ്ടിക്കാണിക്കുന്നു. തൽഫലമായി, ഈ അക്കൗണ്ടുകളുടെ യഥാവിധി അംഗീകരിക്കപ്പെട്ട പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് രണ്ടോ മൂന്നോ വർഷത്തിന് ശേഷം മാത്രമാണ് സംസ്ഥാന നിയമസഭയിലേക്ക് അയച്ചത്.

---

[29] 2022-23-ൽ

ഇക്കാര്യത്തിൽ സർക്കാർ മറുപടി നൽകിയിട്ടില്ല.

## 5.4. അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധി

അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ അതിഥി തൊഴിലാളി ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചു (2010 മാർച്ച്). ഈ ഫണ്ട് ഒരു പ്രത്യേക ഫണ്ടായി ബോർഡ് കൈകാര്യം ചെയ്യുകയും ഒരു ഗുണഭോക്താവിന്റെ മരണം, ഭൗതികശരീരം നാട്ടിലേക്ക് കൊണ്ടുപോകൽ, അപകട ദുരിതാശ്വാസം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, അതിഥി തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമുള്ള വിദ്യാഭ്യാസ ഗ്രാന്റ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഉപയോഗിക്കുകയും വേണം.

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിലേക്കുള്ള ഫണ്ട് (എ) തൊഴിലാളിയിൽ നിന്ന് പ്രതിവർഷം ₹30 എന്ന നിരക്കിൽ, (ബി) ഒരു തൊഴിലാളിയുടെ വിഹിതത്തിന്റെ മൂന്നുമടങ്ങ് സർക്കാരിൽ നിന്ന്, (സി) ഒരു തൊഴിലാളിയുടെ വിഹിതത്തിന്റെ മൂന്നുമടങ്ങ് ബോർഡിൽ നിന്ന്, എന്നീ മൂന്ന് സ്രോതസ്സുകളിൽ നിന്നുമാണ് സമാഹരിക്കേണ്ടത്. ഈ ഫണ്ടിലേക്ക് 2010-ൽ കേരള സർക്കാർ ₹10 കോടി കോർപ്പസ് ഫണ്ടായി അനുവദിച്ചു.

സംസ്ഥാനത്തേക്ക് കുടിയേറുന്ന നിർമ്മാണത്തൊഴിലാളികളുടെ വിശദാംശങ്ങൾ അടങ്ങിയ സമഗ്രമായ ഒരു ഡാറ്റാബേസ് ബോർഡിന്റെ പക്കലില്ല. പദ്ധതിയുടെ കോർപ്പസ് ഫണ്ടിന് കീഴിൽ 1.65 ലക്ഷം അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ബോർഡ് വ്യക്തമാക്കി. **പട്ടിക 5.3**-ൽ കാണിച്ചിരിക്കുന്നതുപോലെ, 2018–19-നും 2022–23-നും ഇടയിൽ ക്ഷേമ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി അതിഥി തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ₹1.69 കോടി ബോർഡ് ചെലവഴിച്ചതായി കണ്ടെത്തി.

**പട്ടിക 5.3 : അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ നിന്ന് ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

| സാമ്പത്തിക വർഷം | തുക (₹ ലക്ഷത്തിൽ) |
|---|---|
| 2018-19 | 15.63 |
| 2019-20 | 31.15 |
| 2020-21 | 41.08 |
| 2021-22 | 33.03 |
| 2022-23 | 48.35 |
| **ആകെ** | **169.24** |

*(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)*

2010 മുതൽ ഈ ഫണ്ടിലേക്ക് സർക്കാർ കൂടുതൽ വകയിരുത്തൽ നടത്തിയില്ല. കൂടാതെ, ക്ഷേമ പ്രവർത്തനങ്ങൾ, ഭരണപരമായ ചെലവുകൾ തുടങ്ങിയ ചെലവുകൾക്ക് പ്രാരംഭ കോർപ്പസ് ഫണ്ടായ ₹10 കോടിയിൽ നിന്നു സമാഹരിച്ച പലിശയിൽ നിന്നാണ് പണം കണ്ടെത്തിയത്.

മേൽപ്പറഞ്ഞ ഫണ്ടിന്റെ വാർഷിക അക്കൗണ്ടുകൾ തൊട്ടടുത്ത വർഷം സെപ്റ്റംബർ 30-നകം അന്തിമമാക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, 2018-19 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമായിരുന്നു തയ്യാറാക്കിയതെന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി. കഴിഞ്ഞ അഞ്ച് വർഷമായി അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയുടെ കണക്കുകൾ തയ്യാറാക്കാത്തത് അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ നൽകിയിരിക്കുന്ന കുറഞ്ഞ പരിഗണനയെ സൂചിപ്പിക്കുന്നു.

കൂടാതെ, ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ഈ അക്കൗണ്ടുകൾ പരിശോധിക്കേണ്ടിയിരുന്നു. എന്നാൽ, മാർഗ്ഗനിർദ്ദേശങ്ങളിലെ 21-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതിനു വിരുദ്ധമായി ഈ

പരിശോധന നടത്തുകയുണ്ടായില്ല. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ സർക്കാർ യാതൊരു മറുപടിയും നൽകിയിട്ടില്ല.

## 5.5. റീവാലിഡേറ്റ് ചെയ്യുന്നതിനായി ശേഷിക്കുന്ന ചെക്കുകൾ/ഡിഡികൾ

സെസ്സ് നിയമങ്ങളിലെ ചട്ടം 5 അനുസരിച്ച്, സെസ്സ് ഈടാക്കുന്ന സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രാദേശിക അതോറിറ്റി അല്ലെങ്കിൽ സെസ്സ് കളക്ടർ എന്നിവ ഈ വരുമാനം ശേഖരിച്ച് 30 ദിവസത്തിനുള്ളിൽ ബോർഡിലേക്ക് കൈമാറേണ്ടതാണ്. അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് I)/ഡെപ്യൂട്ടി ലേബർ ഓഫീസർ, സെസ്സ് തുക വിലയിരുത്തുകയും തൊഴിൽ ദാതാവ് സെസ്സ് തുകയ്ക്കായി ശേഖരിച്ച ചെക്കുകൾ/ഡിഡികൾ ഡിഎൽഒമാർക്ക് സമർപ്പിക്കുകയും ചെയ്യും. ഡിഎൽഒമാർ ഈ ചെക്കുകൾ/ഡിഡികൾ തപാൽ വഴി ബോർഡിന് കൈമാറുകയും പിന്നീട് ക്ലിയറൻസിനായി ബോർഡ് ഇവ ബാങ്കുകൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

₹6.72 കോടിയുടെ ചെക്കുകൾ/ഡിഡികൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ ഒരു മാസത്തിനുള്ളിൽ ലഭിക്കുന്നതിന് പകരം, അവയുടെ സാധുതാ കാലയളവ് അവസാനിച്ചതിന് ശേഷം മാത്രമാണ് ബോർഡിന് ലഭിച്ചതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. അതിനാൽ, ഈ ചെക്കുകൾ/ഡിഡികൾ ഡിഎൽഒമാർക്ക് തിരികെ നൽകുകയും, അവർ അത് റീവാലിഡേറ്റ് ചെയ്യുന്നതിനായി സെസ്സ് അടച്ച വ്യക്തിക്ക് ൽകുകയും ചെയ്തു. ഇവയിൽ, ₹1.31 കോടി (2023 മാർച്ച്) മതിക്കുന്ന ചെക്കുകൾ/ഡിഡികൾ റീവാലിഡേറ്റ് ചെയ്യുകയും ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടില്ല. അവയുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 5.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.4 : സമയം കഴിഞ്ഞുപോയ ഡിമാൻഡ് ഡ്രാഫ്റ്റുകളും ചെക്കുകളും റീവാലിഡേറ്റ് ചെയ്യുന്നതിലുണ്ടായ കാലതാമസവും ഈടാക്കാൻ ശേഷിക്കുന്ന തുകയും**

| വർഷം | റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകൾ/ഡിഡികൾ | | റീവാലിഡേറ്റ് ചെയ്ത ചെക്കുകൾ/ഡിഡികൾ | | റീവാലിഡേറ്റ് ചെയ്യാൻ ശേഷിക്കുന്ന ചെക്കുകൾ/ഡിഡികൾ | |
|---|---|---|---|---|---|---|
| | ഡിഡികൾ/ ചെക്കുകളുടെ എണ്ണം | തുക (₹ കോടിയിൽ) | ഡിഡികൾ/ ചെക്കുകളുടെ എണ്ണം | തുക (₹ കോടിയിൽ) | ഡിഡികൾ /ചെക്കുകളുടെ എണ്ണം | തുക (₹ കോടിയിൽ) |
| 2018-19 | 312 | 2.16 | 233 | 2.14 | 79 | 0.11 |
| 2019-20 | 175 | 0.46 | 133 | 0.39 | 42 | 0.07 |
| 2020-21 | 380 | 1.23 | 263 | 0.71 | 117 | 0.52 |
| 2021-22 | 136 | 0.90 | 105 | 0.8 | 31 | 0.11 |
| 2022-23 | 289 | 1.97 | 182 | 1.47 | 107 | 0.50 |
| **ആകെ** | **1,292** | **6.72** | **916** | **5.51** | **376** | **1.31** |

*(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)*

ബോർഡ് പരിപാലിക്കുന്ന റീവാലിഡേറ്റ് ചെയ്യുവാനുള്ള ചെക്കുകളുടെ/ഡിഡികളുടെ രജിസ്റ്ററിന്റെ സൂക്ഷ്മപരിശോധനയിൽ നിന്ന്, **പട്ടിക 5.5**-ൽ കാണിച്ചിരിക്കുന്നതുപോലെ, ഓഡിറ്റ് കാലയളവിൽ ബോർഡിന് ലഭിച്ച ₹6.72 കോടി മതിക്കുന്ന 1,292 ചെക്കുകൾ/ഡിഡികൾ വിവിധ കാരണങ്ങളാൽ റീവാലിഡേഷന് അയച്ചതായി കണ്ടെത്തി.

**പട്ടിക 5.5 : വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ ഡിഡികളുടെ വിശദാംശങ്ങൾ**

| വർഷം | വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ഡിഡികളുടെ എണ്ണം | | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | കാലഹരണപ്പെട്ട ചെക്കുകൾ /ഡിഡികൾ | പണമടച്ചവരുടെ പേരിലുള്ള വ്യത്യാസം | കൈയ്യൊപ്പിലെ പൊരുത്തക്കേട് | ട്രഷറി സ്വീകരിക്കാത്തത് | കേടുവന്ന ചെക്കുകൾ/ ഡിഡികൾ | സാങ്കേതിക പിഴവുകൾ | കാരണം വ്യക്തമാക്കിയിട്ടില്ലാത്തവ | |
| 2018-19 | 136 | 0 | 12 | 16 | 0 | 0 | 148 | 312 |
| 2019-20 | 84 | 29 | 19 | 3 | 2 | 0 | 38 | 175 |
| 2020-21 | 249 | 1 | 7 | 2 | 0 | 42 | 79 | 380 |
| 2021-22 | 51 | 10 | 17 | 0 | 2 | 0 | 56 | 136 |

| വർഷം | വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ഡിഡികളുടെ എണ്ണം | | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | കാലഹരണപ്പെട്ട ചെക്കുകൾ /ഡിഡികൾ | പണമടച്ചവരുടെ പേരിലുള്ള വ്യത്യാസം | കൈയ്യൊപ്പിലെ പൊരുത്തക്കേട് | ട്രഷറി സ്വീകരിക്കാത്തത് | കേടുവന്ന ചെക്കുകൾ/ ഡിഡികൾ | സാങ്കേതിക പിഴവുകൾ | കാരണം വ്യക്തമാക്കിയിട്ടില്ലാത്തവ | |
| 2022-23 | 113 | 49 | 35 | 0 | 5 | 0 | 87 | 289 |
| **ആകെ** | **633** | **89** | **90** | **21** | **9** | **42** | **408** | **1292** |


*(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)*

2014 സെപ്തംബർ 30-ന് ചേർന്ന ബോർഡ് യോഗത്തിൽ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് സെസ്സ് അടയ്ക്കുന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഒമ്പത് വർഷം കഴിഞ്ഞിട്ടും മേൽപ്പറഞ്ഞ സംവിധാനം ആരംഭിച്ചിരുന്നില്ല. ഓൺലൈൻ പേയ്മെന്റിലേക്ക് മാറുന്നത്, ചെക്കുകൾ/ഡിഡികൾ ബോർഡിലേക്ക് ഡിഎൽഒമാർ കൈമാറുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും അതുവഴി ബോർഡിന്റെ അക്കൗണ്ടിൽ സെസ്സ് തുക സമയബന്ധിതമായി നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയും ചെയ്യും.

₹71.51 ലക്ഷം വരുന്ന 347 ചെക്കുകൾ/ഡിഡികൾ ഇപ്പോഴും റീവാലിഡേറ്റ് ചെയ്യാനായി ബാക്കിയുണ്ടെന്നും എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2022 ഡിസംബർ).

## 5.6. ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കാത്തത് സംബന്ധിച്ച്

ക്ഷേമ നടപടികൾക്കായി സെസ്സ് ഫണ്ട് വിനിയോഗിക്കുന്നതിനെക്കുറിച്ച് നിയമത്തിലെ 22-ാം വകുപ്പ് പ്രത്യേകം പരാമർശിക്കുന്നു. കൂടാതെ, കേരള ചട്ടങ്ങളിലെ ചട്ടം 309-നെ , ചട്ടം 310(2)-നോടൊപ്പം ചേർത്തു വായിക്കുമ്പോൾ, സർക്കാരിന്റെ മുൻകാല അനുമതിയില്ലാതെ ഫണ്ട് മറ്റൊരു ആവശ്യത്തിനും ചെലവഴിക്കരുതെന്നും ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ചെലവഴിക്കുന്ന തുക വായ്പയായി കണക്കാക്കണമെന്നും അത് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ടിൽ നിന്ന്



*ചിത്രം 5.1 : വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്ന ഇടപ്പള്ളിയിലുള്ള ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നില. 2023 ഒക്ടോബർ 11 -ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.*



*ചിത്രം 5.2 : വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്ന ഇടപ്പള്ളിയിലുള്ള ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നില. 2023 ഒക്ടോബർ 11 -ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.*

തിരിച്ചടക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 18.48 സെന്റ് സ്ഥലത്ത് ബഹുനില ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി (2010 ഡിസംബർ). കെട്ടിടത്തിന്റെ ഒരു ഭാഗം ബോർഡിന്റെ ഓഫീസിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കാനും ബാക്കിയുള്ള സ്ഥലം മറ്റ് ക്ഷേമനിധി

ബോർഡുകൾക്ക് വാടകയ്ക്ക് നൽകുക വഴി വരുമാനം നേടാനും നിർദ്ദേശിക്കുകയുണ്ടായി. ആകെ 1,243.84 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നാല് നില കെട്ടിടം ₹3.41 കോടി ചെലവിൽ പൂർത്തിയാക്കി 2014 മേയ് 31-ന് ഉദ്ഘാടനം ചെയ്തു.

ചട്ടങ്ങൾ ലംഘിച്ച്, കെട്ടിട നിർമ്മാണത്തിന് ചെലവായ തുക വായ്പയായി കണക്കാക്കാതെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ടിൽ നിന്ന് തിരിച്ചടച്ചു എന്നു ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പ്രസ്തുത കെട്ടിടം പത്ത് വർഷം പിന്നിട്ടിട്ടും (2024 ജൂലൈ) പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. കെട്ടിടത്തിന്റെ താഴത്തെ നിലയും ഒന്നാം നിലയും മാത്രമാണ് ഉപയോഗിച്ചിരുന്നത്[30], കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകൾ ഉപയോഗശൂന്യമായി കിടക്കുകയും തത്ഫലമായി ഈ രണ്ട് നിലകളുടെ നിർമ്മാണത്തിന്റെ ചെലവായ ₹61.92 ലക്ഷം നിഷ്ക്രിയ നിക്ഷേപമായി. വരുമാനം നേടുന്നതിനായി കെട്ടിടത്തിന്റെ നിലകൾ വാടകയ്ക്ക് കൊടുക്കുക എന്നതായിരുന്നു ബോർഡിന്റെ ഉദ്ദേശ്യമെങ്കിലും, 2022 ജൂൺ വരെ ഓരോ നിലകൾക്കായി പ്രത്യേക കെട്ടിട നമ്പറുകൾ ബോർഡ് നേടിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, 2022 ഏപ്രിലിൽ, ബോർഡ് സെക്രട്ടറിയുടെ ഉത്തരവനുസരിച്ച്, ഡിഇഒ എറണാകുളം ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്ഥലം ഉപയോഗപ്പെടുത്താൻ താൽപ്പര്യം ആരാഞ്ഞുകൊണ്ട് 11 ഇൻഷുറൻസ് കമ്പനികൾക്കും / ധനകാര്യ സ്ഥാപനങ്ങൾക്കും നാല് വെൽഫെയർ ബോർഡുകൾക്കും കത്തുകൾ അയച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു സ്ഥാപനത്തിൽ[31] നിന്നുമാത്രമേ പ്രതികരണം ലഭിച്ചുള്ളൂവെങ്കിലും വാടക വരുമാനം ലഭിക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന നിലകൾ വാടകയ്ക്ക് നൽകാൻ ബോർഡിന് കഴിഞ്ഞിട്ടില്ല.

ഉപയോഗത്തിലില്ലാത്ത നിലകൾ സർക്കാരിന്റെയോ, ബോർഡ്/സ്വകാര്യ സ്ഥാപനങ്ങളുടെയോ, ഉടമസ്ഥതയിലുള്ള ഏതൊരു സ്ഥാപനത്തിനും വാടകയ്ക്ക് നൽകാൻ 2022 നവംബറിൽ ചേർന്ന യോഗത്തിൽ ബോർഡ് തീരുമാനിച്ചതായി സർക്കാർ ഓഡിറ്റിനെ അറിയിച്ചു (2022 ഡിസംബർ). ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഏതാനും മാസങ്ങൾക്കുള്ളിൽ മറ്റു ക്ഷേമ ബോർഡുകൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് 2024 ജൂലൈയിൽ നടന്ന സമാപനകൂടിക്കാഴ്ചയിൽ പ്രസ്താവിച്ചിരുന്നെങ്കിലും, നാളിതുവരെയായും ഇതു നടപ്പാക്കിയിട്ടില്ല.

## 5.7. കേരള കൺസ്ട്രക്ഷൻ അക്കാദമിക്കായി വാങ്ങിയ ഭൂമിയുമായി ബന്ധപ്പെട്ട് ഫണ്ട് തടസപ്പെട്ടു കിടക്കുന്നത്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിൽ ഒരു അക്കാദമി നിർമ്മിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകി (2009 ഓഗസ്റ്റ്). നിർമ്മാണ തൊഴിലാളികൾക്ക് നിർമ്മാണത്തിലും മറ്റ് അനുബന്ധ മേഖലകളിലും ആധുനിക പരിശീലനം നൽകാനും സാങ്കേതിക പരിശീലനവും വിവിധ പ്രവൃത്തിപരിചയ കോഴ്സുകളും ലഭ്യമാക്കാനും ബിൽഡിംഗ് ടെക്നോളജി, ഫെസിലിറ്റി മാനേജ്മെന്റ്, കൺസ്ട്രക്ഷൻ മാനേജ്മെന്റ് മുതലായവയിൽ ബിരുദം/മാസ്റ്റർ ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ നടത്താനുമായിരുന്നു അക്കാദമിയുടെ ഉദ്ദേശ്യം. അക്കാദമിയുടെ നിർമ്മാണത്തിനായി ₹100 കോടിയുടെ നിർദ്ദിഷ്ട തുകയിൽ 50 ശതമാനം കേന്ദ്ര സർക്കാർ ഒറ്റത്തവണ ഗ്രാന്റായും 25 ശതമാനം വീതം ബോർഡും കേരള സർക്കാരും വഹിക്കേണ്ടിയിരുന്നു.

കേരള കൺസ്ട്രക്ഷൻ അക്കാദമി (അക്കാദമി) സ്ഥാപിക്കുന്നതിനായി ബോർഡ് കൊല്ലം ജില്ലയിലെ മീനാട് വില്ലേജിൽ ₹14.95 കോടിയ്ക്ക് 10 ഏക്കർ ഭൂമി വാങ്ങി[32](2011 ഫെബ്രുവരി).

[30] താഴത്തെ നില റിസപ്ഷൻ ഏരിയയായും ഒന്നാം നില എറണാകുളത്തെ ബോർഡിന്റെ ജില്ലാ ഓഫീസായും ഉപയോഗിക്കുന്നു.

[31] കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

[32] ഈ പ്ലോട്ടിൽ നിന്ന് 27.5 സെന്റ് സ്ഥലം പിന്നീട് ദേശീയപാത 66-ന്റെ വികസനത്തിനായി ഏറ്റെടുത്തു.

ട്രാവൻകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955 പ്രകാരം അക്കാദമി രജിസ്റ്റർ ചെയ്യുകയും 2011 മാർച്ചിൽ തറക്കല്ലിടുകയും ചെയ്തു. എന്നാൽ, പിന്നീട് അക്കാദമിയുടെ നിർമ്മാണത്തിൽ പുരോഗതിയുണ്ടായില്ല.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലെൻസ് നേരത്തേ തന്നെ നിലവിൽ വന്നതിനാൽ, അക്കാദമി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാനിപ്പിക്കുന്നത് ബോർഡിന് പരിഗണിക്കാമെന്ന് 2017 ജനുവരിയിൽ സർക്കാർ നിർദ്ദേശിച്ചു. എന്നാൽ, 2017 മാർച്ചിൽ ചേർന്ന ബോർഡ് യോഗത്തിൽ, വാങ്ങിയ സ്ഥലത്ത് നിർദിഷ്ട അക്കാദമിയുടെ നിർമ്മാണവുമായി മുന്നോട്ടുപോകാൻ തീരുമാനമായി. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും (2018 ഡിസംബർ) പ്രസ്തുത ഡിപിആർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു (2021 മാർച്ച്). ഡിപിആറിൽ പുതിയ കോഴ്സായ കാർപെന്ററി സർട്ടിഫിക്കറ്റ് പ്രോഗ്രാം ഉൾപ്പെടുത്തുന്നതിന് വിധേയമായി, സർക്കാർ ഡിപിആർ-ന് അംഗീകാരം നൽകി (2022 മാർച്ച്). എന്നാൽ, ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ അക്കാദമിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തി വെയ്ക്കാൻ 2022 നവംബറിൽ സർക്കാർ നിർദ്ദേശിച്ചു.

വാങ്ങിയ ഭൂമിയിൽ നാളിതുവരെ ബോർഡ് ഒരു പ്രവർത്തനവും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2024 മേയ് ). പദ്ധതി പരിഗണിച്ചു കൊണ്ടിരുന്ന സമയത്ത് ബോർഡിന്റെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമായിരുന്നതിനാലാണ് 10 ഏക്കർ ഭൂമി വാങ്ങാൻ സാധിച്ചതെന്ന് മറുപടിയിൽ ബോർഡ് സെക്രട്ടറി പ്രസ്താവിച്ചു. ബോർഡിന്റെ വരുമാനം ഇപ്പോൾ തൊഴിലാളികൾക്ക് പെൻഷൻ/മറ്റ് ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബുദ്ധിമുട്ടുള്ള തലത്തിലേക്ക് താഴ്ന്നതിനാൽ, പദ്ധതിയുമായി മുന്നോട്ടുപോകാൻ ബോർഡിന് കഴിയുന്നില്ല.

പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന നിലപാട് 2017-ൽ ബോർഡ് തന്നെ ആവർത്തിച്ച സാഹചര്യത്തിൽ ഈ മറുപടി സ്വീകാര്യമല്ല. സർക്കാരിന്റെ/ബോർഡിന്റെ ഭാഗത്ത് നിന്നുള്ള മുൻകൈയും സമയോചിതമായ നടപടിയും ഇല്ലാത്തതിനാൽ കഴിഞ്ഞ 13 വർഷമായി ₹14.95 കോടിയുടെ തുക തടസ്സപ്പെട്ടു കിടക്കുന്നതിന് പുറമെ പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടാതെ പോയി. കൂടാതെ, നിർമ്മാണ തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു ബദൽ ക്രമീകരണം ഇതുവരെ സർക്കാർ/ബോർഡ് രൂപപ്പെടുത്തിയിട്ടില്ല.

## 5.8. ആദായ നികുതിയിൽ അനുവദനീയമായ ഇളവുകൾ ഉപയോഗപ്പെടുത്താത്തതിനാലുണ്ടായ ₹20.40 കോടിയുടെ നഷ്ടം

1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 10 (46) പ്രകാരം, ഒരു വ്യക്തിയുടെ മുൻവർഷത്തെ വരുമാനം കണക്കാക്കുമ്പോൾ "(എ) ഒരു കേന്ദ്ര, സംസ്ഥാന, പ്രവിശ്യയുടെ നിയമ പ്രകാരമോ, നിയമത്തിന് കീഴിലോ രൂപീകരിച്ചതോ, അല്ലെങ്കിൽ പൊതുജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ രൂപീകരിച്ചവയോ (ബി) ഒരു വാണിജ്യ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടില്ലാത്തവയോ (സി) ഈ വ്യവസ്ഥയുടെ ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തവയോ ആയ ഒരു ബോഡി, അതോറിറ്റി, ബോർഡ്, ട്രസ്റ്റ്, കമ്മീഷൻ, ക്ലാസ് എന്നിവയിൽ നിന്ന് ഉണ്ടാകുന്ന നിർദ്ദിഷ്ട വരുമാനം" എന്ന നിബന്ധനക്ക് കീഴിൽ വരുന്ന വരുമാനം ഉൾപെടുത്താൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം, ബോർഡിന്റെ വരുമാനം ആദായനികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ, യഥാസമയം ഇളവിനുള്ള അപേക്ഷ സമർപ്പിക്കാത്തതിനാൽ, ബോർഡിന് ലഭിക്കുന്ന പലിശയിൽ നിന്നും ബാങ്കുകൾ ആദായ നികുതി ഈടാക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2018-19 മുതൽ 2022-23

വരെയുള്ള ഓഡിറ്റ് കാലയളവിൽ ആദായനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ **പട്ടിക 5.6**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.6 : 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ആദായനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ**

| വർഷം | പലിശയിൻമേലുള്ള ടിഡിഎസ് (₹) |
|---|---|
| 2018-19 | 7,89,94,917 |
| 2019-20 | 5,67,88,683 |
| 2020-21 | 5,46,15,109 |
| 2021-22 | 77,01,703 |
| 2022-23 | 59,15,529 |
| **ആകെ** | **20,40,15,941** |

*(ഉറവിടം: ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ)*

ആദായനികുതി നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവ് പ്രയോജനപ്പെടുത്തുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായത് ₹20.40 കോടിയുടെ നഷ്ടത്തിനും തുടർന്ന് ബോർഡിന്റെ സാമ്പത്തിക കമ്മി വർദ്ധിക്കുന്നതിനും കാരണമായി.

2013-18 മുതലുള്ള അസസ്സ്മെന്റ് വർഷങ്ങളിലെ ആദായനികുതി വകുപ്പിന്റെ ഡിമാൻഡുകൾക്കെതിരായ അപ്പീലുകൾ ആദായനികുതി (അപ്പീൽസ്) കമ്മീഷണറുടെ മുമ്പാകെ തീർപ്പാക്കാതെ കിടക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2022 ഡിസംബർ). വകുപ്പ് 10(46) പ്രകാരം ഇളവിനുള്ള അപേക്ഷ 2015 ഡിസംബറിൽ നൽകിയിട്ടുണ്ടെന്നും അതിനു അംഗീകാരം ലഭിച്ചിട്ടില്ലെന്നും ആദായനികുതി (ഐടി) വകുപ്പിൽ നിന്ന് രേഖാമൂലമുള്ള മറുപടി ലഭിക്കാത്തതിനാൽ ബോർഡിന് ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ലെന്നും സർക്കാർ പ്രസ്താവിച്ചു.

നികുതി ഇളവിനായി അപേക്ഷ സമർപ്പിച്ച് ഒമ്പത് വർഷം പിന്നിട്ടിട്ടും, ഐടി വകുപ്പിൽ നിന്ന് അംഗീകാരം നേടുന്നതിനും ബോർഡിന് വരുമാനമായി ലഭിക്കുന്ന പലിശയിൽ നിന്നും ഈടാക്കിയ ടിഡിഎസിന്റെ റീഫണ്ട് നേടുന്നതിനും ബോർഡ് കാര്യമായ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതോടൊപ്പം ബോർഡിന്റെ ഫണ്ടിൽ നിന്നുള്ള ₹20.40 കോടി തടസ്സപ്പെട്ടുകിടക്കാനും ഇത് കാരണമായി.

## 5.9. സംസ്ഥാന ഉപദേശക സമിതിയുടെയും വിദഗ്ധ സമിതിയുടെയും പ്രവർത്തനം

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 4, 5 വകുപ്പുകൾ അനുസരിച്ച്, സർക്കാർ, നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് സർക്കാരിനു മുന്നിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനെ ഉപദേശിക്കാൻ സംസ്ഥാന ഉപദേശക സമിതിയും വിദഗ്ധ സമിതിയും രൂപീകരിക്കണം. ഒരു അദ്ധ്യക്ഷൻ, സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ, കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം, ചീഫ് ഇൻസ്പെക്ടർ എന്നിവരും, തൊഴിൽ ദാതാക്കൾ, കെട്ടിട തൊഴിലാളികൾ, അപകട ഇൻഷുറൻസ് സ്ഥാപനങ്ങൾ മുതലായവയെ പ്രതിനിധീകരിച്ച് സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളും[33] അടങ്ങുന്നതായിരിക്കണം സംസ്ഥാന ഉപദേശക സമിതി. 2015 നവംബറിൽ മാത്രമാണ് സംസ്ഥാനത്ത്, സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ സമിതിയിൽ ചെയർമാനായി തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയും സംസ്ഥാന നിയമസഭയെ പ്രതിനിധീകരിച്ചുള്ള അംഗങ്ങൾ, കേന്ദ്ര സർക്കാർ നോമിനി, ലേബർ കമ്മീഷണർ, തൊഴിൽ ദാതാക്കളുടെയും കെട്ടിട നിർമ്മാണ തൊഴിലാളികളുടെയും പ്രതിനിധികൾ എന്നിവരും അംഗങ്ങളായി

[33] ഏഴിൽ കുറയാതെയും 11-ൽ കൂടാതെയും

ഉൾപ്പെട്ടിരുന്നു. എന്നാൽ, 2018 നവംബർ 9-ന് കമ്മിറ്റിയുടെ മൂന്ന് വർഷത്തെ കാലാവധി അവസാനിച്ചതിന് ശേഷം, കമ്മിറ്റി ഇതുവരെ പുനഃസംഘടിപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 ഓഗസ്റ്റ്).

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി കെട്ടിടനിർമ്മാണത്തിലോ മറ്റ് നിർമ്മാണ പ്രവൃത്തികളിലോ പ്രത്യേകം യോഗ്യതയുള്ള വ്യക്തികൾ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയുടെ രൂപീകരണവും ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമം വിഭാവനം ചെയ്യുന്നു. 2011 സെപ്റ്റംബർ 14-ന് ചെയർമാനായി തൊഴിൽ, പുനരധിവാസ വകുപ്പ് സെക്രട്ടറിയും, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ ബിൽഡിംഗ് ആന്റ് വർക്ക്സ്, ലേബർ കമ്മീഷണർ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി എന്നിവരും അംഗങ്ങളായി വിദഗ്ധ സമിതി സംസ്ഥാനത്ത് രൂപീകരിച്ചു.

വിദഗ്ധ സമിതിയുടെ ആദ്യ യോഗം 2011 ഒക്ടോബർ 15-ന് നടന്നതായി രേഖകളുടെ സൂക്ഷ്മപരിശോധനയിൽ നിന്നും ഓഡിറ്റ് കണ്ടെത്തി. നീണ്ട 12 വർഷത്തെ ഇടവേളയ്ക്ക് ശേഷം 2023 ജൂലൈ 5-ന് ലേബർ കമ്മീഷണർ, അഡീഷണൽ ലോ സെക്രട്ടറി, ബോർഡ് സെക്രട്ടറി, തൊഴിൽ വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർ പങ്കെടുത്ത അടുത്ത യോഗം ചേർന്നു. എന്നാൽ, നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ വിദഗ്ധരായ വ്യക്തികളുടെ പങ്കാളിത്തം ഇവയിൽ ഉണ്ടായിരുന്നില്ല.

നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയ പ്രകാരം സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയും പതിവായി യോഗം ചേരുകയും ചെയ്തില്ലെങ്കിൽ അത് അവയുടെ ഘടനയെയും, സർക്കാരിന്റെ ഉപദേശക സമിതികളായുള്ള പ്രവർത്തനത്തെയും ദോഷമായി ബാധിക്കും. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ 24 വരെ സർക്കാർ മറുപടിയൊന്നും നൽകിയിട്ടില്ല.

## 5.10. മേൽനോട്ടത്തിലെ അപാകതകൾ

കേരള ചട്ടങ്ങളിലെ ചട്ടം 29 (1) പ്രകാരം നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിന് മുൻപ് തൊഴിൽ ദാതാവ്, ഇൻസ്പെക്ടർമാർക്ക്[34] നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദിഷ്ട തീയതി അറിയിച്ചുകൊണ്ട് ഫോറം IV-ൽ ഒരു അറിയിപ്പ് സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ, ഫോറം IV ഫയൽ ചെയ്തില്ലെങ്കിൽ, നിയമത്തിലെ വകുപ്പ് 48 പ്രകാരം തടവോ ₹2,000 പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ വ്യവസ്ഥ ചെയ്യുന്നു. പിഴ ചുമത്തുന്നതിന് മുമ്പ് തൊഴിലുടമകൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നൽകാനും ഈ നിയമത്തിലെ വകുപ്പ് 50 (3) അനുശാസിക്കുന്നു. തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ നിയമവ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുള്ള പിഴ ചുമത്തുന്നതിനോ ഒരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തൽഫലമായി, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണങ്ങളുടെ എണ്ണത്തെക്കുറിച്ചും നിർമ്മാണത്തിന് ഈടാക്കേണ്ട സെസ്സിനെക്കുറിച്ചും വകുപ്പിനോ ബോർഡിനോ അറിവുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ സർക്കാർ മറുപടിയൊന്നും നൽകിയിട്ടില്ല.

## 5.11. നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയിലെ പോരായ്മകൾ

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ 42(2), (3) വകുപ്പുകൾ പ്രകാരം, സംസ്ഥാന സർക്കാരിന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി വിജ്ഞാപനം മുഖേന ഒരു ഗസറ്റഡ് ഓഫീസറെ ചീഫ് ഇൻസ്പെക്ടറായും മറ്റ് ഓഫീസർമാരെ ഇൻസ്പെക്ടർമാരായും നിയമിക്കാം. ഇവർക്ക് ഈ നിയമത്തിലെ

---

34 എറണാകുളം, കോഴിക്കോട് ജില്ലകളിലെ പ്രാദേശിക ജോയിന്റ് ലേബർ കമ്മീഷണർമാർ, മലപ്പുറം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)

നിബന്ധനകൾ യഥാക്രമം സംസ്ഥാനത്തും പ്രാദേശിക പരിധികളിലും ഫലപ്രദമായി നടപ്പാക്കുന്നതിനു ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. നിയമപ്രകാരം സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമായ ഏതൊരു രജിസ്റ്ററോ റെക്കാർഡോ നോട്ടീസുകളോ പരിശോധിക്കുന്നതിനായി ഒരു ഇൻസ്പെക്ടർക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പരിസരത്തേക്ക് അല്ലെങ്കിൽ സ്ഥലത്തേക്ക് പ്രവേശിക്കാൻ വകുപ്പ് 43 (എ) അധികാരം നൽകുന്നു.

ലേബർ കമ്മീഷണർ പുറപ്പെടുവിച്ച (2015 മേയ്) സർക്കുലറിൽ ആറ് ജില്ലകളിലെ[35] ജില്ലാ ലേബർ ഓഫീസർമാർ പ്രതിമാസം കുറഞ്ഞത് 10 പരിശോധനകളെങ്കിലും നടത്തണമെന്നും മറ്റ് ജില്ലകളിൽ ജില്ലാ ലേബർ ഓഫീസർമാർ പ്രതിമാസം അഞ്ച് പരിശോധനകളെങ്കിലും നടത്തണമെന്നും, ലേബർ കമ്മീഷണർക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണം, നടത്തേണ്ടതും യഥാർത്ഥത്തിൽ നടത്തിയതുമായ പരിശോധനകളുടെ എണ്ണം, പിഴ ചുമത്തിയ കേസുകളുടെ എണ്ണം എന്നിവ **പട്ടിക 5.7–ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.7 : തെരഞ്ഞെടുത്ത ജില്ലകളിൽ രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ എണ്ണം, വർഷംതോറും നടത്തേണ്ടതും യഥാർത്ഥത്തിൽ നടത്തുന്നതുമായ പരിശോധനകളുടെ എണ്ണം, ചുമത്തിയ പിഴ എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ**

| വർഷം | എറണാകുളം | | | | കോഴിക്കോട് | | | | മലപ്പുറം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണം | നടത്തേണ്ട പരിശോധനകളുടെ എണ്ണം | നടത്തിയ പരിശോധനകളുടെ യഥാർത്ഥ എണ്ണം | പിഴ ചുമത്തിയ കേസുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത നിർമ്മാണപ്രവർത്തനങ്ങളുടെ എണ്ണം | നടത്തേണ്ട പരിശോധനകളുടെ എണ്ണം | നടത്തിയ പരിശോധനകളുടെ എണ്ണം | പിഴ ചുമത്തിയ കേസുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത നിർമ്മാണപ്രവർത്തനങ്ങളുടെ എണ്ണം | നടത്തേണ്ട പരിശോധനകളുടെ എണ്ണം | നടത്തിയ പരിശോധനകളുടെ എണ്ണം | പിഴ ചുമത്തിയ കേസുകളുടെ എണ്ണം |
| 2018 | 80 | 120 | 50 | ഇല്ല | 48 | 120 | 15 | ഇല്ല | 17 | 60 | 19 | ഇല്ല |
| 2019 | 59 | 120 | 39 | ഇല്ല | 244 | 120 | 40 | ഇല്ല | 202 | 60 | 100 | ഇല്ല |
| 2020 | 30 | 120 | 6 | ഇല്ല | 89 | 120 | ഇല്ല | ഇല്ല | 20 | 60 | ഇല്ല | ഇല്ല |
| 2021 | 48 | 120 | 4 | ഇല്ല | 20 | 120 | 8 | ഇല്ല | 18 | 60 | ഇല്ല | ഇല്ല |
| 2022 | 59 | 120 | 1 | ഇല്ല | 21 | 120 | 1 | ഇല്ല | 17 | 60 | 1 | ഇല്ല |
| **ആകെ** | **276** | **600** | **100** | ഇല്ല | **422** | **600** | **64** | ഇല്ല | **274** | **300** | **120** | ഇല്ല |

*(ഉറവിടം: തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

പരിശോധന നടത്തിയ ജില്ലകളിലെ ഡിഎൽഒമാർ ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതായും നിശ്ചിത പ്രതിമാസ പരിശോധനകൾ നടത്തുന്നതിൽ പരാജയപ്പെട്ടതായും കണ്ടു.

മലപ്പുറം ജില്ലയിൽ ഓഡിറ്റ് പരിശോധിച്ച നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട, 26 ഫയലുകളിൽ ഒരു കേസിൽ മാത്രമാണ് പരിശോധനയ്ക്ക് ശേഷം നൽകിയ നോട്ടീസിനുള്ള മറുപടി ലഭിച്ചതായി കണ്ടത്. പരിശോധനയ്ക്ക് ശേഷം നൽകിയ രണ്ട് നോട്ടീസുകളുടെ കാര്യത്തിൽ, തൊഴിൽ വകുപ്പ് നൽകിയ വിലാസം അപൂർണ്ണമായതിനാൽ തപാൽ വകുപ്പ് നോട്ടീസ് മടക്കി അയയ്ക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ട തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ലംഘനങ്ങൾ ഒന്നും പരിഹരിച്ചുവെന്ന് ഉറപ്പാക്കാൻ ഡിഎൽഒമാർ ഒരു തുടർനടപടിയും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

[35] തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

എറണാകുളം ജില്ലയിൽ 27 ഫയലുകൾ പരിശോധിച്ചതിൽ 25 നിർമ്മാണ പ്രവർത്തനങ്ങളിൽ നോട്ടീസിൽ നൽകിയ നിർദ്ദേശം പാലിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ 29 ഫയലുകൾ പരിശോധിച്ചതിൽ നിയമലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും രണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നില്ല. കൂടാതെ, 21 നിർമ്മാണ പ്രവർത്തനങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഡിഎൽഒയുടെ നിർദ്ദേശങ്ങൾ പാലിച്ചിരുന്നില്ല.

സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ സന്ദർഭങ്ങളിൽ പിഴ ഈടാക്കിയില്ലെന്നാണ് ഓഡിറ്റ് കണ്ടെത്തിയത്.

വകുപ്പിന്റെ നിരീക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തതായി സമാപന കൂടിക്കാഴ്ചയിൽ സർക്കാർ പ്രസ്താവിച്ചു (2024 ജൂലൈ).

***ശിപാർശ 10: നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ടെന്നും പരാതി പരിഹാര സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 5.12. നിർമ്മാണ സ്ഥലത്ത് സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച

ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമം, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ തൊഴിലും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്നതിനും അവരുടെ സുരക്ഷ, ആരോഗ്യം, ക്ഷേമ നടപടികൾ എന്നിവയ്ക്കും അതുമായി ബന്ധപ്പെട്ടതോ യാദൃച്ഛികമായതോ ആയ മറ്റ് കാര്യങ്ങൾക്കുമായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. നിയമത്തിലെ വകുപ്പ് 40-ൽ കെട്ടിട തൊഴിലാളികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം ആവർത്തിച്ചുറപ്പിക്കുകയും വിവിധ തൊഴിൽ സാഹചര്യങ്ങളിൽ[36] ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന വ്യവസ്ഥകൾ പട്ടികപ്പെടുത്തുകയും ചെയ്യുന്നു.

തെരഞ്ഞെടുത്ത മൂന്ന് ജില്ലകളിലായി രജിസ്റ്റർ ചെയ്ത 12 നിർമ്മാണ പ്രവൃത്തികളുടെയും രജിസ്റ്റർ ചെയ്യാത്ത 12 പ്രവൃത്തികളുടെ സംയുക്ത പരിശോധന ഓഡിറ്റ് നടത്തി. കൂടാതെ, തെരഞ്ഞെടുത്ത ഒരു ജില്ലയിൽ നിർമ്മാണം പുരോഗമിക്കുന്ന രണ്ട് അപകട സ്ഥലങ്ങളും ഓഡിറ്റ് സന്ദർശിക്കുകയുണ്ടായി. ഈ പ്രവൃത്തികളിൽ നിയമവും ചട്ടങ്ങളും വിഭാവനം ചെയ്യുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.2**-ൽ നൽകിയിരിക്കുന്നു.

ഇരുപത് സന്ദർഭങ്ങളിൽ ബാരിക്കേഡുകൾ/സൈൻ ബോർഡുകൾ സ്ഥാപിക്കാത്തതും 21 സന്ദർഭങ്ങളിൽ വൈദ്യുത അപകടങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്തതും ശ്രദ്ധയിൽപ്പെട്ടു. 18 സന്ദർഭങ്ങളിൽ സുരക്ഷാ വലകൾ സ്ഥാപിക്കാതിരിക്കുകയും, 14 സന്ദർഭങ്ങളിൽ വൈദ്യുത ലൈനുകളിൽ നിന്ന് സംരക്ഷണം നൽകാതിരിക്കുകയും ചെയ്തു. 11 സന്ദർഭങ്ങളിൽ സുരക്ഷാ ഹെൽമറ്റ് നൽകാത്തതും 13 സന്ദർഭങ്ങളിൽ വാട്ടർപ്രൂഫ് ബൂട്ടുകൾ നൽകാത്തതും ശ്രദ്ധയിൽപ്പെട്ടു. ഇവ കൂടാതെ, 11 സന്ദർഭങ്ങളിൽ ഹാൻഡ് ഗ്ലൗസുകളും വാട്ടർപ്രൂഫ് കോട്ടുകളും, 13

[36] നിലത്തു നിന്നോ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗത്ത് നിന്നോ ഗോവണിയിൽ നിന്നോ മറ്റേതെങ്കിലും താങ്ങി നിർത്തുന്ന ഉപകരണത്തിൽ സുരക്ഷിതമായി ജോലി ചെയ്യാൻ കഴിയാത്തപ്പോൾ, വിവിധ ഘട്ടങ്ങളിൽ അനുയോജ്യമായതും മതിയായതുമായ സ്കഫോൾഡിംഗ് നൽകൽ; ഒരു വിദഗ്ധനായ വ്യക്തിയുടെ മേൽനോട്ടത്തിൽ ഒരു കെട്ടിടത്തിന്റെ അല്ലെങ്കിൽ മറ്റ് ഘടനയുടെയോ മുഴുവൻ ഭാഗമോ അല്ലെങ്കിൽ ഒരു ഗണ്യമായ ഭാഗമോ പൊളിക്കുക, ഫ്രെയിം പൂർത്തിയായ കെട്ടിടത്തിന്റെയോ മറ്റ് ഘടനയുടെയോ ഏതെങ്കിലും ഭാഗം താങ്ങു നൽകിയോ മറ്റോ നീക്കം ചെയ്യുമ്പോൾ കെട്ടിടം തകർന്നു വീണുണ്ടാകുന്ന അപകടം ഒഴിവാക്കുക. സ്ഫോടനത്തിൽ നിന്നോ സ്ഫോടനം നടക്കുമ്പോൾ തെറിക്കുന്ന വസ്തുക്കളിൽ നിന്നോ പരിക്കേൽക്കാനുള്ള സാധ്യത ഒഴിവാക്കാൻ വിദഗ്ധരായ ആളുകളുടെ നിയന്ത്രണത്തിൽ സ്ഫോടകവസ്തു കൈകാര്യം ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുക, ലോക്കോമോട്ടീവുകൾ, ട്രക്കുകൾ, വാഗണുകൾ, മറ്റ് വാഹനങ്ങൾ, ട്രെയിലറുകൾ എന്നിങ്ങനെയുള്ള ഗതാഗത ഉപകരണങ്ങളുടെ സ്ഥാപിക്കൽ, ഉപയോഗം, പരിപാലനം

സന്ദർഭങ്ങളിൽ വീഴ്ചയിൽ നിന്നുള്ള അപകടങ്ങൾ തടയുന്നതിനുള്ള സാമഗ്രികൾ എന്നിവ നൽകിയിരുന്നില്ല.

തെരഞ്ഞെടുത്ത 26 നിർമ്മാണ പ്രവർത്തനങ്ങളിൽ, സർക്കാർ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് എട്ട് ഇടങ്ങളിൽ നടത്തിയത്. ഇലക്ട്രിക് ലൈനുകളിൽ നിന്നുള്ള സംരക്ഷണം, സുരക്ഷാ വലകൾ, സുരക്ഷാ ഹെൽമെറ്റുകൾ, വാട്ടർപ്രൂഫ് ബൂട്ടുകൾ എന്നിവ അഞ്ചിടങ്ങളിൽ ഏർപ്പാടാക്കിയിരുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നാലിടങ്ങളിൽ ഹാൻഡ് ഗ്ലൗസ്, വാട്ടർപ്രൂഫ് കോട്ടുകൾ, വീഴ്ചയിൽ നിന്നുള്ള അപകടങ്ങൾ തടയുന്നതിനുള്ള സാമഗ്രികൾ എന്നിവ നൽകിയിരുന്നില്ല.

തങ്ങളുടെ അധികാരപരിധിയിലുള്ള ജോലിസ്ഥലങ്ങളിൽ പരിശോധനയിലൂടെ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ടത് ജില്ലാ ലേബർ ഓഫീസർമാരുടെ ചുമതലയാണ്. ജോലി പുരോഗമിക്കുന്ന, രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ, നിർമ്മാണ പ്രവൃത്തികളിലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത് മുൻഗണനാക്രമത്തിൽ പരിഹരിക്കേണ്ടതുണ്ട്.

ജോലിസ്ഥലത്തുവച്ചുണ്ടായ തൊഴിലാളികളുടെ മരണവും/പരിക്കും റിപ്പോർട്ട് ചെയ്യപ്പെട്ട, താഴെപ്പറയുന്ന ജോലിസ്ഥലങ്ങളിൽ ഓഡിറ്റ് സംയുക്ത പരിശോധന നടത്തി.

### 5.12.1. കോഴിക്കോട് തൊണ്ടയാട് ജംഗ്ഷനിലെ മെസ്സേഴ്സ് കല്യാൺ സിൽക്സിന്റെ വാണിജ്യ കെട്ടിടം

2021 സെപ്തംബർ 26-ന് കോൺക്രീറ്റ് സ്ലാബുകൾ ഇടിഞ്ഞു വീണ് രണ്ട് അതിഥി തൊഴിലാളികൾ മരണപ്പെടുകയും മൂന്ന് അതിഥി തൊഴിലാളികൾക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. നിർമ്മാണം ആരംഭിച്ച് രണ്ട് വർഷം പിന്നിട്ടെങ്കിലും അപകടം നടന്ന തൊട്ടടുത്ത ദിവസം മാത്രമാണ് വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയത്. **പട്ടിക 5.7**-ൽ വിശദമാക്കിയിരിക്കുന്നതു പോലെ, ഓരോ മാസവും 10 പരിശോധനകൾ നടത്തണമെന്നുള്ള സർക്കാർ വിജ്ഞാപനത്തിന്റെ (2015 മേയ്) ലംഘനമാണിത്. കൂടാതെ, നിയമത്തിൽ അനുശാസിക്കുന്ന സുരക്ഷാ നടപടികൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് 14 നിയമലംഘനങ്ങളും പരിശോധനയിൽ കണ്ടെത്തി. രണ്ട് വർഷത്തിന് ശേഷം, 2023 സെപ്തംബർ 20-ന് വകുപ്പിലെ ഓഫീസർമാരുമായി ചേർന്ന് മേൽപ്പറഞ്ഞ സ്ഥലത്ത് ഓഡിറ്റ് സംയുക്ത ഭൗതിക പരിശോധന നടത്തുകയും, അപകടത്തെ തുടർന്ന് 2021 സെപ്റ്റംബറിൽ തൊഴിൽ വകുപ്പ് ചൂണ്ടിക്കാണിച്ച നാല് സുരക്ഷാ ലംഘനങ്ങൾ രണ്ട് വർഷം പിന്നിട്ടിട്ടും സ്ഥാപനം പരിഹരിച്ചിട്ടില്ലെന്നു കണ്ടെത്തുകയും ചെയ്തു.



*ചിത്രം 5.3 : മെസ്സേഴ്സ് കല്യാൺ സിൽക്ക്സ് കെട്ടിടം, തൊണ്ടയാട് ജംഗ്ഷൻ, കോഴിക്കോട്. ഒരു കെട്ടിട നിർമ്മാണ തൊഴിലാളിയോ, വാഹനമോ അല്ലെങ്കിൽ ലിഫ്റ്റിംഗ് ഉപകരണമോ വീഴാൻ സാധ്യതയുള്ള എല്ലാ തുറന്ന വശങ്ങളും ശരിയായി അടയ്ക്കുന്നതിലും സംരക്ഷിക്കുന്നതിലും ഉണ്ടായ വീഴ്ച. 2023 സെപ്റ്റംബർ 20-ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.*



ചിത്രം 5.4 : മെസ്സേഴ്സ് കല്യാൺ സിൽക്സ് കെട്ടിടം, തൊണ്ടയാട് ജംഗഷൻ, കോഴിക്കോട്. അപകടങ്ങൾ തടയാൻ ഉന്നനിലവാരമുള്ള സുരക്ഷാ വലകൾ ഉപയോഗിക്കുന്നതിൽ വരുത്തിയ വീഴ്ച. 2023 സെപ്റ്റംബർ 20-ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.

ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നിയമങ്ങളിൽ/ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന ത്വരിത നടപടികളിലൂടെ സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിലുള്ള സർക്കാരിന്റെ അശ്രദ്ധമായ സമീപനത്തിലേക്കാണ് ഇത് വ്യക്തമായി വിരൽ ചൂണ്ടുന്നത്.

മെസ്സേഴ്സ് കല്യാൺ സിൽക്സ് , കോഴിക്കോട്, നൂറിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന വാണിജ്യ കെട്ടിടമായതിനാൽ, പരിശോധന നടത്താൻ ലേബർ കമ്മീഷണറോട് അനുമതി[37] തേടിയിട്ടുണ്ടായിരുന്നു എന്നാണ് കോഴിക്കോട് ജില്ലാ ലേബർ ഓഫീസർ നൽകിയ മറുപടി (2023 നവംബർ). നിയമലംഘനങ്ങൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിന് ശേഷം മാത്രമാണ് ഡിഎൽഒ അനുമതി തേടാൻ തീരുമാനിച്ചത് എന്നതിനാൽ ഈ മറുപടി തൃപ്തികരമല്ല. ചട്ടങ്ങൾക്കനുസൃതമായി അധികാരികൾ നടത്തുന്ന പരിശോധനകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ വ്യാപ്തി വർദ്ധിപ്പിക്കും.

### 5.12.2. ഹിൽസിനായി കെട്ടിടം, മർകസ് നോളഡ്ജ് സിറ്റി, കൈതപ്പൊയിൽ, കോഴിക്കോട്

ബിഒസിഡബ്ല്യൂ (ആർഇസിഎസ് ) നിയമത്തിലെ വകുപ്പ് 47 പ്രകാരം, വകുപ്പ് 40-ന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനത്തിന്, മൂന്ന് മാസം വരെ നീണ്ടുനിൽക്കാവുന്ന തടവോ ₹2,000 വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ അടങ്ങിയ ശിക്ഷയും തുടർച്ചയായ ലംഘനത്തിന്റെ കാര്യത്തിൽ, ഓരോ ദിവസവും ₹100 വരെ അധിക പിഴയും ശിക്ഷയായി ലഭിക്കാവുന്നതാണ്.

[37] 2023 സെപ്റ്റംബർ 20-ന് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശപ്രകാരം.



*ചിത്രം 5.5: ഹിൽസിനായി കെട്ടിടം, മർകസ് നോളഡ്ജ് സിറ്റി, കൈതപ്പൊയിൽ, കോഴിക്കോട്. സ്റ്റോപ്പ് മെമ്മോ പുറപ്പെടുവിച്ചതിനു ശേഷവും നിർമ്മാണസ്ഥലത്ത് പ്രവർത്തനം തുടരുന്നു. ഓഡിറ്റ് പാർട്ടി 2023 സെപ്റ്റംബർ 21-ന് എടുത്ത ചിത്രം.*



*ചിത്രം 5.6: ഹിൽസിനായി കെട്ടിടം, മർകസ് നോളഡ്ജ് സിറ്റി, കൈതപ്പൊയിൽ, കോഴിക്കോട്. ഗുണമേന്മയുള്ള സുരക്ഷാവല ഉപയോഗിക്കാത്തത്. ഓഡിറ്റ് പാർട്ടി 2023 സെപ്റ്റംബർ 21-ന് എടുത്ത ചിത്രം.*

2022 ജനുവരി 18-ന്, കെട്ടിടത്തിന്റെ മൂന്നാം നില കോൺക്രീറ്റ് ചെയ്യുന്നതിനിടെ തകരുകയും, 21 അതിഥി തൊഴിലാളികൾക്കും രണ്ട് തദ്ദേശ തൊഴിലാളികൾക്കും പരിക്കേൽക്കുകയും ചെയ്തു.

അന്വേഷണം നടത്തിയ ശേഷം, തൊട്ടടുത്ത ദിവസം കെട്ടിട നിർമ്മാതാവിന്, തൊഴിൽ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകി. തൊഴിൽ വകുപ്പ് അനേകം ഓർമ്മക്കുറിപ്പുകൾ നൽകുകയും, 2022 ജൂലൈ 14-ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം, നിയമത്തിലെ/ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാവുന്നതായിരുന്നു. തൊഴിൽ വകുപ്പ് ചൂണ്ടിക്കാണിച്ച എട്ട് ലംഘനങ്ങളിൽ അഞ്ചെണ്ണം താൻ പരിഹരിച്ചിട്ടുണ്ടെന്നും തനിക്കെതിരായ എല്ലാ തുടർനടപടികളും പിൻവലിക്കണമെന്നും തൊഴിൽദാതാവ് അഭ്യർത്ഥിച്ചു.

നിർമ്മാണ സ്ഥലത്ത് സംയുക്ത ഭൗതിക പരിശോധന (2023 സെപ്റ്റംബർ) ഓഡിറ്റ് നടത്തിയപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ തുടരുകയാണെന്നും **അനുബന്ധം 5.3**-ൽ വിവരിച്ചിരിക്കുന്ന പ്രകാരം നേരത്തെ ശ്രദ്ധയിൽപ്പെട്ട നിരവധി ലംഘനങ്ങൾ[38] ഇപ്പോഴും നിർമ്മാണ സ്ഥലത്ത് തുടരുകയാണെന്നും ശ്രദ്ധയിൽപ്പെട്ടു.

അതിനാൽ, അപകടങ്ങൾക്ക് ശേഷവും തൊഴിൽദാതാക്കൾ ജോലിസ്ഥലങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞില്ല. മുകളിൽ സൂചിപ്പിച്ച സന്ദർഭങ്ങളിലെ വകുപ്പിന്റെ നിഷ്ക്രിയത്വത്തിന്റെയും തുടർനടപടികളുടെ അഭാവത്തിന്റെയും വ്യാപ്തി, നിർമ്മാണ സ്ഥലങ്ങളിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കെതിരായ ഭീഷണികൾ തടയുന്നതിലെ അധികാരികളുടെ ഉദാസീനത വ്യക്തമായി പുറത്തുകൊണ്ടുവരുന്നു.

2024 സെപ്റ്റംബർ വരെയും സർക്കാർ മറുപടി നൽകിയില്ല.

***ശിപാർശ 11 : നിർമ്മാണ സ്ഥലങ്ങളിൽ തൊഴിലാളികളുടെ സുരക്ഷയ്ക്കാണ് ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്ന് സർക്കാർ ഉറപ്പാക്കണം. തൊഴിൽദാതാക്കൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത്, സഗൗരവം നിരീക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കുമേൽ ഉത്തരവാദിത്തം ചുമത്തേണ്ടതാണ്.***

## 5.13. ഫലപ്രദമായ പരാതി പരിഹാര സംവിധാനത്തിന്റെ അഭാവം

എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ തൊഴിൽ സംബന്ധമായ എല്ലാ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം വകുപ്പിനുണ്ട്. ഒരു ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന കോൾ സെന്ററിൽ പരാതികൾ സ്വീകരിക്കുകയും ഈ പരാതികൾ കോൾ സെന്റർ ഏജന്റ് എൽസിഎഎസ് മൊഡ്യൂളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഡിഎൽഒ/എഎൽഒമാർ ലഭിച്ച പരാതികളിൽ നടപടിയെടുക്കുകയും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യണം.

2023 നവംബർ 09 വരെ എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ സംസ്ഥാനത്തൊട്ടാകെയുള്ള തൊഴിലാളികളിൽ[39] നിന്ന് ലഭിച്ച പരാതികൾ തീർപ്പാക്കുന്നതിനുള്ള മൊഡ്യൂളിന്റെ വിശകലനത്തിൽ നിന്നും വെളിപ്പെട്ടത്. ലഭിച്ച 1,180 പരാതികളിൽ 124 പരാതികൾ മാത്രമാണ് തീർപ്പാക്കിയതെന്നാണ്. ബാക്കിയുള്ള പരാതികൾ തീർപ്പാക്കുന്നതിന്റെ സ്ഥിതി വിവരം നൽകാൻ ബോർഡിന് സാധിച്ചില്ല.

പരിശോധന നടത്തിയ ജില്ലാ ലേബർ ഓഫീസുകളിൽ കെട്ടിട നിർമ്മാണ തൊഴിലാളികളിൽ നിന്ന് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ഓഡിറ്റ് ആരായുകയും, ലഭിച്ച 12 പരാതികളിൽ 10 എണ്ണം മലപ്പുറത്തും കോഴിക്കോടും തീർപ്പാക്കാതെ കിടക്കുന്നതായി കണ്ടെത്തുകയും ചെയ്തു. കൂടാതെ, ലഭിച്ച പരാതികളൊന്നും തന്നെ എൽസിഎഎസ് വഴി അയച്ചതായി കണ്ടില്ല. പരാതികളുടെ വിശദാംശങ്ങളും സ്വീകരിച്ച

---

[38] പരിഹരിച്ചതായി പ്രസ്താവിച്ച അഞ്ച് ലംഘനങ്ങളിൽ മൂന്നെണ്ണം ഉൾപ്പെടെ

[39] എല്ലാത്തരം തൊഴിലാളികളെയും സംബന്ധിക്കുന്ന ഡാറ്റ പ്രദർശിപ്പിച്ചതിനാൽ നിർമ്മാണത്തൊഴിലാളികളെ സംബന്ധിക്കുന്ന വേർതിരിച്ച ഡാറ്റ ഓഡിറ്റിന് ലഭ്യമാക്കാനായില്ല.

നടപടികളുടെ സ്ഥിതിയും ഡിഎൽഒമാർ നൽകിയത് **അനുബന്ധം 5.4**–ൽ കാണിച്ചിരിക്കുന്നു.

ഫലപ്രദമായ പരാതി പരിഹാര സംവിധാനത്തിന്റെ അഭാവം, തൊഴിലാളികൾ നൽകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നതിനാൽ, മുൻഗണനാടിസ്ഥാനത്തിൽ ഇവ പരിഹരിക്കേണ്ടതുണ്ട്. സർക്കാർ ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ യാതൊരു മറുപടിയും നൽകിയിട്ടില്ല.

## 5.14. ഉപസംഹാരം

2019 മാർച്ചിൽ ബോർഡിന്റെ ക്യാഷ് ബാലൻസ് ₹910.06 കോടിയിൽ നിന്ന് 2023 മാർച്ചിൽ ₹135.16 കോടിയായി കുറയുന്ന രൂക്ഷമായ സാഹചര്യം, ബോർഡിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കി. ക്ഷേമാനുകൂല്യങ്ങളുടെ വിതരണവും 2020–21 മുതൽ കുറയുന്ന പ്രവണത കാണിച്ചു. പതിനൊന്ന് മുതൽ 24 മാസം വരെയുള്ള കാലതാമസത്തിന് ശേഷം മാത്രമാണ് ബോർഡ് അതിന്റെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി സമർപ്പിച്ചത്. അതിഥി തൊഴിലാളികളുടെ ക്ഷേമനിധിക്കായി അനുവദിച്ച ₹10 കോടി കോർപ്പസ് ഫണ്ടിൽ നിന്ന് 2018–19–നും 2022–23–നും ഇടയിൽ ₹1.69 കോടി മാത്രമാണ് തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചത്. തെരഞ്ഞെടുത്ത ജില്ലകളിൽ ലേബർ ഓഫീസുകൾ നിശ്ചിത പ്രതിമാസ പരിശോധനകൾ നടത്തിയില്ല. അപകടങ്ങൾ സംഭവിച്ചതിന് ശേഷവും, പരിശോധന നടത്തിയ നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി കണ്ടില്ല.

**(പ്രീതി എബ്രഹാം)**
**തിരുവനന്തപുരം,** **അക്കൗണ്ടന്റ് ജനറൽ**
**2025 ഫെബ്രുവരി 17** **(ഓഡിറ്റ് I), കേരള**

**മേലൊപ്പിട്ടത്**

**ന്യൂഡൽഹി,** **(കെ. സഞ്ജയ് മൂർത്തി)**
**2025 ഫെബ്രുവരി 20** **ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**